## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4340 — 28.06.2012 - ന് മറുപടിയ്ക്ക്

### അവകാശികൾക്ക് ക്ഷേമപെൻഷനുകൾ ലഭ്യമാക്കുന്നതിലെ കാലതാമസം

| ചോദ്യം<br>ശ്രീ. കെ. അജിത് | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ക്ഷേമ പെൻഷനുകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന ഗുണഭോക്താവ് മരണപ്പെടുമ്പോൾ അവകാശികൾക്ക് കുടിശ്ശിക തുക കൈപ്പറ്റുന്നതിന് നിയമാനുസൃത അവകാശ സർട്ടിഫിക്കറ്റ് നല്കുന്നതിന് ഗസറ്റ് വിജ്ഞാപനം നടത്തുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഗസറ്റ് വിജ്ഞാപനം യഥാസമയം പ്രസിദ്ധീകരിക്കുന്നുണ്ട്. |
| (ബി) കുറഞ്ഞ തുക ലഭിക്കുന്നതിനു പോലും കാലതാമസം നേരിടുന്ന കാര്യം പരിശോധിക്കുമോ; | (ബി) അവകാശ സർട്ടിഫിക്കറ്റ് ആവശ്യമുള്ള കേസുകളിൽ ഗസറ്റ് വിജ്ഞാപനം നടത്തി ആക്ഷേപം സ്വീകരിക്കുന്നതിനുള്ള നിയമാനുസൃത കാലതാമസം ഉണ്ടാകുന്നുണ്ട്. |
| (സി) ഇപ്രകാരമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ 10,000 (പതിനായിരം) രൂപ വരെയുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനുള്ള സർട്ടിഫിക്കറ്റ് നല്കുന്നതിന് ബന്ധപ്പെട്ട തഹസിൽദാർമാരെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ; | (സി) യും (ഡി) യും<br>നിലവിൽ 1,00,000/- രൂപ വരെയുള്ള തുക കൈപ്പറ്റുന്നതിന് അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള അധികാരം തഹസിൽദാർമാർക്കാണ്. എന്നാൽ ഈ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നിലവിലുള്ള നിയമപ്രകാരം ഗസറ്റ് വിജ്ഞാപനം അനിവാര്യമാണ്. |
| (ഡി) കുറഞ്ഞ തുകകൾക്ക് നിയമാനുസൃത സർട്ടിഫിക്കറ്റ് നൽകാൻ തഹസിൽദാരെ ചുമതലപ്പെടുത്തിയാൽ ഗസറ്റ് വിജ്ഞാപനത്തിനുള്ള കാലതാമസവും അധികച്ചെലവും കുറയുമെന്നകാര്യവും പരിഗണിക്കുമോ? | |

സെക്ഷൻ ഓഫീസർ